# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE:09.03.2025

1. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും.

2. വയനാട്ടിലെ ഗോത്രപർവ്വം പരിപാടി ഗവർണർ രാജേന്ദ്ര അർലേക്കർ ഇന്ന് ഉദ്ഘാടനം ചെയ്യും.

3. എഡിഎം, കെ. നവീൻ ബാബുവിന്റെ മരണത്തിൽ റവന്യൂ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് ആവശ്യമെങ്കിൽ പൊലീസിന് കൈമാറുമെന്ന് മന്ത്രി കെ രാജൻ.

4. വൈക്കം സത്യാഗ്രഹത്തിന് പിന്തുണ അറിയിച്ച് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വൈക്കത്തെത്തിയതിന്റെ നൂറാം വാർഷികം ഇന്ന്.

5. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് കിരീട പോരാട്ടം. ഫൈനലിൽ കരുത്തരായ ഇന്ത്യയും ന്യൂസിലാൻഡും ഏറ്റുമുട്ടും.

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന്, ചെന്നൈയിൻ എഫ്സി-ജംഷഡ്പൂർ എഫ്സി പോരാട്ടം.

==========================================

RNU TVPM

## പാർലമെന്റ്

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും. ഏപ്രിൽ 4 വരെ നീണ്ടുനിൽക്കുന്ന സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിൽ 20 സിറ്റിങ്ങുകൾ ഉണ്ടാകും. 2025-26 ലെ ധനസഹായത്തിനുള്ള ആവശ്യങ്ങളും അനുബന്ധ വിനിയോഗ ബില്ലും സംബന്ധിച്ച് ചർച്ചയും വോട്ടെടുപ്പും നടക്കും. കൂടാതെ, ബാങ്കിംഗ് നിയമങ്ങൾ (ഭേദഗതി) ബിൽ, കോസ്റ്റൽ ഷിപ്പിംഗ് ബിൽ, റെയിൽവേസ് (ഭേദഗതി) ബിൽ എന്നിവയുൾപ്പെടെ നിരവധി നിയമനിർമ്മാണങ്ങൾ പാർലമെന്റ് പരിഗണിക്കും.

****************************

## പ്രധാനമന്ത്രി-മൗറീഷ്യസ് സന്ദർശനം

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് മറ്റെന്നാൾ തുടക്കമാകും. മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി ശ്രീ മോദി പങ്കെടുക്കും. കൂടാതെ മൗറീഷ്യസ് പ്രസിഡൻറുമായും പ്രധാനമന്ത്രിയുമായും അദ്ദേഹം ചർച്ച നടത്തും.

****************************

## ഉപരാഷ്ട്രപതി

ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിനെ ന്യൂഡൽഹി എയിംസിൽ പ്രവേശിപ്പിച്ചു. ശ്രീ ധൻഖറിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

****************************

## ഗവർണർ-വയനാട്

ഗവർണർ രാജേന്ദ്ര അർലേക്കർ ഇന്ന് വയനാട്ടിൽ. വിവിധ ഗോത്ര സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന **ഗോത്രപർവ്വം** പരിപാടി കൽപ്പറ്റയിൽ അദ്ദേഹം വൈകുന്നേരം ഉദ്ഘാടനം ചെയ്യും. കൂടാതെ ജില്ലയിൽ വിവിധ പരിപാടികളിലും അദ്ദേഹം പങ്കെടുക്കും. ഗോത്ര ജനത അനുഭവിക്കുന്ന പിന്നാക്കാവസ്ഥ തുടച്ചുനീക്കുന്നതിനുള്ള സ്ഥായിയായ പരിശ്രമത്തിന് തുടക്കം കുറിച്ചാണ് ഗോത്രപർവ്വം സംഘടിപ്പിക്കുന്നത്.

*****************************

## റവന്യൂ മന്ത്രി - എഡിഎം - വി ഡി സതീശൻ

എഡിഎം, കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ തയ്യാറാക്കിയ റിപ്പോർട്ട് ആവശ്യമെങ്കിൽ പൊലീസിന് കൈമാറുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. കോടതിയുടെ പരിഗണയിലുള്ള വിഷയത്തിൽ റിപ്പോർട്ട് സംബന്ധിച്ച് കൂടുതൽ പ്രതികരണത്തിലേക്കില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, എഡിഎമിന്റെ മരണത്തിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും ഇതിൽ സിപിഎം സ്വീകരിച്ച നിലപാട് ജനങ്ങൾക്ക് എന്ത് സന്ദേശമാണ് നൽകുന്നതെന്ന് വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ പറഞ്ഞു. സത്യസന്ധനായ ഉദ്യോഗസ്ഥനെ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ആത്മഹത്യയിലേക്ക് നയിക്കുകയായിരുന്നുവെന്നും അദ്ദേഹം ആരോപിച്ചു.

RIJU TVPM

*****************************

## കനവ് - ഇരുചക്ര വാഹന ലൈസൻസ് (ഇൻട്രോ)

ഇടുക്കി മറയൂർ പഞ്ചായത്തിലെ ഗോത്രവർഗ വിഭാഗത്തിൽപ്പെട്ട 40 വനിതകൾ ഇരുചക്ര വാഹനം

ഓടിക്കാനുള്ള ലൈസൻസ് സ്വന്തമാക്കി. കനവ് പദ്ധതിയിലൂടെ നടത്തിയ പരിശീലനത്തിനൊടുവിലാണ് ഇവർ ലൈസൻസിന് അർഹരായത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

****************************

## വയനാട്-വന്യജീവി ആക്രമണം

വയനാട് വെള്ളമുണ്ടയിൽ പശുക്കിടാവിനെ വന്യജീവി ആക്രമിച്ചു കൊന്നു. മംഗലശ്ശേരി പുല്ലംകന്നപ്പള്ളിൽ PT ബെന്നിയുടെ പശുവിനെയാണ് ആക്രമിച്ചത്. ഇന്നലെ രാത്രിയായിരുന്നു ആക്രമണം.

RNU TVPM

****************************

## ടാസ്ക് ഫോഴ്സ്-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ മൊകേരി പഞ്ചായത്തിലെ വള്ള്യായിൽ കാട്ടുപന്നി ആക്രമണത്തിൽ കർഷകൻ മരിച്ച പശ്ചാത്തലത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ഇന്ന് രാവിലെ മുതൽ കാട്ടുപന്നികളെ പിടികൂടുന്നതിനായി തിരച്ചിൽ ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

****************************

## നിലമ്പൂർ-കാട്ടാന ആക്രമണം

നിലമ്പൂരിൽ കാട്ടാന ആക്രമണം. ഒരു വീടിന്റെ ഗെയ്റ്റും മതിലും തകർത്തു. നിലമ്പൂർ അകമ്പാടത്താണ് സംഭവം. ഇല്ലിക്കൽ ആദിലിന്റെ വീടിനു നേരെയാണ് ഇന്ന് പുലർച്ചെ കാട്ടാനകളുടെ ആക്രമണമുണ്ടായത്.

*****************************

## സിപിഐ(എം)-സംസ്ഥാന സമ്മേളനം

CPI(M) സംസ്ഥാന സമ്മേളനത്തിന് ഇന്ന് സമാപനം. പ്രതിനിധിസമ്മേളനത്തിൽ നയരേഖയിൻ മേലുള്ള ചർച്ചകൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകുകയാണ്. റിപ്പോർട്ട് അംഗീകരിക്കൽ, സംസ്ഥാന കമ്മിറ്റി തിരഞ്ഞെടുപ്പ്, പാർട്ടി കോൺഗ്രസ് പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് എന്നിവ തുടർന്ന് നടക്കും. ഉച്ചയ്ക്കുശേഷം റെഡ് വോളണ്ടിയർ മാർച്ച് നടക്കും. വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കുന്ന പൊതുസമ്മേളനം പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്യും. തിരക്ക് കണക്കിലെടുത്ത് ഉച്ചമുതൽ കൊല്ലം നഗരത്തിൽ പോലീസ് ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

RIUTVPM

*****************************

## ബിനോയ് വിശ്വം

നവ കേരളത്തിനായി പുതുവഴികൾ എന്ന വിഷയത്തിൽ സിപിഐഎം സമ്മേളന നയ രേഖയെ കുറിച്ച് പഠിച്ചിട്ടില്ലെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം മാധ്യമങ്ങളോട് പറഞ്ഞു. വികസനത്തിനു വേണ്ടിയുള്ള മൂലധന നിക്ഷേപത്തിൽ എതിർപ്പില്ലെന്നും സമൂഹത്തിന്റെ പുരോഗതിക്കും ജന ജീവിതത്തിനും ഗുണകരമാവും എങ്കിൽ അതിനെ ആശ്രയിച്ചിരിക്കും നിലപാടുകൾ എന്നും അദ്ദേഹം വ്യക്തമാക്കി.

****************************

ഗാന്ധി - വൈക്കം (ഇൻട്രോ)

വൈക്കം സത്യാഗ്രഹത്തിന് പിന്തുണ അറിയിക്കുന്നതിന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വൈക്കം സന്ദർശിച്ചതിന്റെ നൂറാം വാർഷികം ഇന്ന്.

**ആ ചരിത്രനിമിഷത്തെക്കുറിച്ച് ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യൂ തയ്യാറാക്കിയ റിപ്പോർട്ടിലേക്ക്...**

(വോയിസ്)

****************************

ചാമ്പ്യൻസ് ട്രോഫി (ഇൻട്രോ)

RNU TVPM

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് കിരീട പോരാട്ടം. ഫൈനലിൽ കരുത്തരായ ഇന്ത്യയും ന്യൂസിലാൻഡും ഏറ്റുമുട്ടും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ദുബായിലാണ് മത്സരം. മൂന്നാം കിരീടത്തിനായി ഇന്ത്യയിറങ്ങുമ്പോൾ രണ്ടാം കിരീടമാണ് കിവീസ് ലക്ഷ്യമിടുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു....**

(വോയിസ്)

****************************

ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന്, ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ചെന്നൈയിൻ എഫ്സി-ജംഷഡ്പൂർ

എഫ്സിയെ നേരിടും. മത്സരം വൈകുന്നേരം 7:30 ന് ആരംഭിക്കും.

****************************

## ശബരിമല

ശബരിമലയിൽ മീനമാസ പൂജയ്ക്കായി വെള്ളിയാഴ്ച നട തുറക്കുമ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ പുതിയ ദർശന രീതി നടപ്പിലാക്കും. ഇതു വഴി തീർഥാടകർക്ക് ദർശനസമയം കൂടുതൽ ലഭിക്കും. കൊടിമരത്തിന്റെ ഇരുവശത്തു കൂടി ഭക്തരെ കടത്തിവിട്ട് ബലിക്കൽപുര വഴിയാകും പുതിയ ദർശന വഴി.

****************************

## കാസർഗോഡ്-മൃതദേഹം കണ്ടെത്തി

RNUTVPM

കാസർഗോഡ് പൈവളിഗെയിൽ നിന്നും ഒരു മാസം മുമ്പ് കാണാതായ പെൺകുട്ടിയേയും യുവാവിനെയും കാട്ടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഇന്ന് രാവിലെ പോലീസും നാട്ടുകാരും സംയുക്തമായി നടത്തിയ തെരച്ചിലിലാണ് ഒരേ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

****************************

## കുട്ടികൾ കാണാതായ സംഭവം-അറസ്റ്റ്

താനൂരിൽ നിന്നും കുട്ടികളെ കാണാതായ സംഭവത്തിൽ പൊലീസ് അറസ്റ്റ് ചെയ്ത യുവാവിനെ റിമാന്റ് ചെയ്തു. എടവണ്ണ ആലുങ്ങൽ വീട്ടിൽ അക്ബർ റഹീമിനെതിരെ രണ്ട് കേസുകളാണ് ചുമത്തിയിരിക്കുന്നത്. കാണാതായ കുട്ടികളുമായി സാമൂഹിക മാധ്യമത്തിലൂടെ നാല് മാസം മുമ്പാണ് ഇയാൾ പരിചയപ്പെടുന്നത്. താനാണ് കുട്ടികളെ

കൊണ്ടു പോയതെന്ന് പ്രാഥമിക ചോദ്യം ചെയ്യലിൽ ഇയാൾ സമ്മതിച്ചിട്ടുണ്ട്. അതേസമയം കോടതി നിർദ്ദേശത്തെത്തുടർന്ന് കുട്ടികളെ മലപ്പുറത്ത് കെയർ ഹോമിലേക്ക് മാറ്റി.

****************************

## ചിങ്ങവനം-അപകടം

ചിങ്ങവനം റെയിൽവേ മേൽപ്പാലത്തിലുണ്ടായ അപകടത്തിൽ വയോധിക ബസ് ഇടിച്ച് മരിച്ചു. നെല്ലിക്കൽ സ്വദേശിയായ അന്നാമ്മ കുര്യാക്കോസാണ് ബസിൽ നിന്ന് ഇറങ്ങിവേ അതേ ബസ് ഇടിച്ച് മരിച്ചത്.

****************************

## ഉയർന്ന താപനില

സംസ്ഥാനത്ത് ഉയർന്ന താപനില മുന്നറിയിപ്പ്. ആറു ജില്ലകളിൽ ഇന്ന് താപനില സാധാരണയെക്കാൾ രണ്ടു മുതൽ മൂന്നു ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കൊല്ലം, പാലക്കാട്, കോഴിക്കോട് ജില്ലയിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, തൃശൂർ, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യത. പകൽ സമയങ്ങളിൽ സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് ഒഴിവാക്കാനുള്ള മുൻകരുതൽ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

*

****************

******************************************

PNU TVPM